ഉത്തരം

(എ) ഐ. ജി. രജിസ്ട്രേഷന്റെ ശുപാർശ സർക്കാരിന് ലഭിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഓഫീസ് അനുവദിക്കാൻ സാധിച്ചിട്ടില്ല.

(ബി) ഈ കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സബ് രജിസ്ട്രാർ ഓഫീസിൽ രേഖകളുടെ ഡി. ടി. പി. കോപ്പികൾ നൽകുന്ന സംവിധാനം

100 (2603) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും രേഖകളുടെ പകർപ്പുകൾ ഡി. ടി. പി.-യിൽ കോപ്പിയെടുത്ത് നൽകുന്ന സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) അത്തരം അപേക്ഷകൾ ലഭിച്ചാൽ എത്ര ദിവസങ്ങൾക്കുള്ളിൽ അപേക്ഷകന് കോപ്പി നൽകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പേരാമ്പ്ര സബ് രജിസ്ട്രാർ ഓഫീസിൽ 2005 ഫെബ്രുവരി 28 വരെ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ എത്രയെണ്ണം നൽകിയെന്നും ബാക്കി നൽകാതിരിക്കാനുള്ള കാരണവും വിശദമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത സംവിധാനം നിലവിലില്ല.

(ബി, സി ആന്റ് ഡി) ഡി. ടി. പി. സംവിധാനം ഇല്ലാത്തതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

നെടുമങ്ങാട്, വെള്ളനാട് സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം

101 [2604] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ നെടുമങ്ങാട്, വെള്ളനാട് സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടമില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly